നം. കൈറ്റ്/2025/1674 (3) തീയതി : 11.08.2025

## സർക്കുലർ

വിഷയം:- കൈറ്റ് - 'സഹിതം' 2025-26 അധ്യയന വർഷത്തെ കുട്ടികളുടെ വിവരങ്ങൾ മെന്ററിംഗ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. സ.ഉ.(സാധാ) നം. 763/2020/പൊ.വി.വ. തീയതി 14.02.2020.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.01.2023 ലെ ക്യു.ഐ.പി.2/876326/2023/ഡി.ജി.ഇ നമ്പർ സർക്കുലർ.

3. ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23.07.2025 ന് നടന്ന മീറ്റിംഗിന്റെ മിനിറ്റ്സ്.

മെന്ററിംഗിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പുരോഗതി രേഖപ്പെടുത്തുന്നതിന് രൂപീകരിച്ച 'സഹിതം' പോർട്ടൽ ഉപയോഗിക്കുന്നതിന് സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും സൂചന 2 പ്രകാരം അധ്യാപകർക്ക് മെന്ററിംഗ് പോർട്ടൽ ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്ക് അനുസൃതമായ വിവിധ വിഷയങ്ങളുടെ സൂചകങ്ങൾ മെന്ററിംഗ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ മെന്ററിംഗ് രേഖപ്പെടുത്തലുകൾ സഹിതം പോർട്ടലിൽ ഉൾപ്പെടുത്തി മുൻ വർഷം പ്രവർത്തനങ്ങൾ നടത്തിയതിന് തുടർച്ചയായി ഈ അധ്യയന വർഷത്തെ (2025-26) മെന്ററിംഗ് രേഖപ്പെടുത്തലുകളും നടത്താൻ സൂചന 3 യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സമഗ്ര പ്ലസിൽ അക്കാദമിക് മോണിറ്ററിംഗ് നടത്തുന്ന വിധവും, സഹിതം മെന്ററിംഗ് പോർട്ടലിൽ രേഖപ്പെടുത്തുന്ന വിധവും 2025 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിദ്യാഭ്യാസ ഓഫീസർമാർ മുതൽ സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് വരെ കൈറ്റ് നേരിട്ട് പരിശീലനം നൽകുകയും ഇവർ വഴി മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകാൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധ്യാപകർ മെന്ററിംഗ് നടത്തി കുട്ടികളുടെ ഡിജിറ്റൽ പ്രൊഫൈൽ തയാറാക്കുന്നതിന് സഹിതം മെന്ററിംഗ് പോർട്ടലിൽ പ്രഥമാധ്യാപകന്റെ ലോഗിനിൽ ചെയ്യേണ്ട കാര്യങ്ങളുടെ വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **<u>ഓരോ ക്ലാസിലേക്കും അധ്യാപകരെ മെന്റർമാരായി നിയോഗിക്കൽ:</u>** ഒന്നു മുതൽ ഏഴ് വരെ എല്ലാ ക്ലാസിലെ കുട്ടികൾക്കും അധ്യാപകരെ മെന്റർമാരായി നിയോഗിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപർ ഉറപ്പുവരുത്തണം.

2. **<u>കുട്ടികളുടെ ക്ലാസ് പ്രൊമോഷനും ക്ലാസ് ട്രാൻസ്ഫറും</u>**: Class promotion ഓപ്ഷൻ ഉപയോഗിച്ച്'സഹിത'ത്തിൽ നിലവിലുള്ള കുട്ടികളുടെ ക്ലാസുകൾ കൃത്യതപ്പെടുത്തേണ്ടതുണ്ട്.

3. **<u>സമ്പൂർണയിൽ നിന്നും Sync ചെയ്യേണ്ട ക്ലാസുകൾ</u>:** നിലവിൽ ഒന്ന്, രണ്ട് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ സമ്പൂർണയിൽ നിന്നും Sync ചെയ്യുന്നതിന് Sync First Standard, Sync Second Standard ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതാണ്.

4. **<u>കുട്ടികളുടെ സ്കൂൾ ട്രാൻസ്ഫർ</u>:** സ്കൂളിൽ നിന്നും വിടുതൽ ചെയ്ത ഏതെങ്കിലും കുട്ടികൾ സഹിതം പോർട്ടലിൽ ഉണ്ടെങ്കിൽ ബന്ധപ്പെട്ട സ്കൂളിലേയ്ക്ക് പ്രസ്തുത കുട്ടികളെ സഹിതം പോർട്ടലിലെ School Transfer ഓപ്ഷൻ ഉപയോഗിച്ച് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

5. **<u>പഠന മാധ്യമം ക്രമീകരിക്കൽ:</u>** പോർട്ടലിൽ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ മീഡിയങ്ങളിലെ സൂചനകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡിവിഷനുകളുടെ മീഡിയം ആവശ്യമെങ്കിൽ മാറ്റാവുന്നതാണ്.

6. **<u>സഹിതം രക്ഷകർത്താക്കൾക്ക് ലഭ്യമാക്കൽ:</u>** സഹിതത്തിൽ ഉൾപ്പെടുത്തുന്ന കുട്ടിയുടെ ഡിജിറ്റൽ പ്രൊഫൈൽ വിവരങ്ങൾ രക്ഷകർത്താക്കൾക്കും ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കുന്നുണ്ട്. <u>അതിനാൽ ഓരോ കുട്ടിയുടേയും പ്രൊഫൈലിൽ രക്ഷകർത്താവിന്റെ മൊബൈൽ ഫോൺ നമ്പർ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.</u>

7. **<u>വിലയിരുത്തൽ</u>:** മെന്റർ ലോഗിൻ ചെയ്ത് ഓരോ കുട്ടിക്കും അനുയോജ്യമായ വിലയിരുത്തൽ സൂചകങ്ങളുടെ തലം തെരഞ്ഞെടുത്ത് ഉൾപ്പെടുത്തുക.

*(മേൽപ്പറഞ്ഞ കാര്യങ്ങൾ പോർട്ടലിൽ ചെയ്യുന്നതിനുള്ള യൂസർ ഗൈഡ് പോർട്ടലിൽ ലഭ്യമാണ്.)*

ഒന്നാം പാദ പരീക്ഷയ്ക്ക് മുമ്പ് തന്നെ അതുവരെയുള്ള മെന്ററിംഗ് വിശദാംശങ്ങൾ പോർട്ടലിൽ അധ്യാപകർ രേഖപ്പെടുത്തുന്നത് എഇഒ/ഡിഇഒ/ഡിഡിഇ/ഡിജിഇ തലങ്ങളിൽ മോണിറ്റർ ചെയ്യാനും പോർട്ടലിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഒന്നാം പാദ പരീക്ഷയ്ക്ക് ശേഷം കുട്ടിയുടെ പരീക്ഷയിലെ സ്കോർ സമ്പൂർണ്ണ പ്ലസിൽ നൽകാനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ–ഓർഡിനേറ്റർമാർക്കും
എല്ലാ പ്രൈമറി വിഭാഗം സ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ–ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ